REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 29-08-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യത്തെ 234 നഗരങ്ങളിൽ 730 സ്വകാര്യ FM റേഡിയോ ചാനലുകൾ ആരംഭിക്കാൻ ലേല നടപടികൾക്ക് കേന്ദ്ര മന്ത്രിസഭായോഗം അനുമതി നൽകി.**
- **വയനാട് ഉരുൾപൊട്ടൽ ദുരിത ബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ ഇന്ന് ഓൺലൈൻ സർവകക്ഷിയോഗം.**
- **കാൻസർ മരുന്നുകൾ വില കുറച്ച് ലഭ്യമാക്കുന്ന കാരുണ്യ സ്പർശം പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും.**
- **പാരാലിമ്പിക് ഗെയിംസിന് പാരീസിൽ വർണ്ണാഭമായ തുടക്കം.**
- **ഇന്ന് ദേശീയ കായിക ദിനം.**

## വാർത്തകൾ വിശദമായി

**രാജ്യത്തെ 234 നഗരങ്ങളിൽ 730 സ്വകാര്യ FM റേഡിയോ ചാനലുകൾ ആരംഭിക്കാൻ ലേല നടപടികൾക്ക് കേന്ദ്ര മന്ത്രിസഭായോഗം അനുമതി നൽകി. പാലക്കാട്ടെയും കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട്ടെയും മൂന്നു വീതം ചാനലുകൾ ഇവയിലുൾപ്പെടും. E-ലേലത്തിലൂടെയാണ് തുടർ നടപടികൾ പൂർത്തിയാക്കുന്നത്. പ്രാദേശിക വിവരങ്ങൾക്ക് പ്രാധാന്യം നൽകാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും മൂന്നാംഘട്ട FM റേഡിയോ നയം സഹായകമാകുമെന്ന് വിലയിരുത്തുന്നു.**

✪✪✪

ജാർഖണ്ഡ് മുൻമുഖ്യമന്ത്രി ചമ്പായ് സോറൻ സംസ്ഥാന മന്ത്രിസഭയിൽ നിന്ന് രാജിവെച്ചു. ജാർഖണ്ഡ് മുക്തിമോർച്ചയുടെ പദവികളിൽ നിന്നും അദ്ദേഹം രാജി നൽകി. ചമ്പായ് സോറൻ നാളെ BJP യിൽ ചേരുന്നതിന് മുന്നോടിയായാണ് രാജി.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരിത ബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് സർവകക്ഷിയോഗം ചേരും. വൈകീട്ട് ഓൺലൈനായാണ് യോഗം. ഇതിനു മുന്നോടിയായി പ്രതിപക്ഷ നേതാവ് V.D സതീശനുമായും ഉപനേതാവ് P.K.കുഞ്ഞാലിക്കുട്ടിയുമായി മുഖ്യമന്ത്രി രാവിലെ കൂടിക്കാഴ്ച നടത്തും. ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്ന പാക്കേജ് പ്രതിപക്ഷ നേതാക്കളുടെ മുന്നിൽ അവതരിപ്പിക്കും.

✪✪✪

നിയമസഭയുടെ പരിസ്ഥിതി സമിതി രാവിലെ കോഴിക്കോട് വിലങ്ങാട്ടെ ഉരുൾപൊട്ടൽ ബാധിത മേഖല സന്ദർശിക്കും. മേഖലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകളിലെ ഉദ്യാഗസ്ഥരിൽ നിന്ന് സമിതി വിവരശേഖരണം നടത്തും. ഉച്ചക്ക് നാദാപുരം റസ്റ്റ് ഹൗസിൽ സമിതി യോഗം ചേരും.

✪✪✪

കേരളത്തിലെ ഉരുൾപൊട്ടൽ സാധ്യതാ മേഖലകളെപ്പറ്റി സമഗ്ര പഠനം നടത്തി തുടർ നടപടികൾ ആവിഷ്ക്കരിക്കണമെന്ന് കോഴിക്കോട്ട് ചേർന്ന ജനാധിപത്യ വേദി ശില്പശാല അഭിപ്രായപ്പെട്ടു. 'വയനാട് ദുരന്തം കേരളത്തോട് പറയുന്നത്' എന്ന വിഷയത്തിലായിരുന്നു ശില്പശാല. കേരളത്തിലെ ഭൂവിനിയോഗത്തിൽ പുനഃപരിശോധന അത്യാവശ്യമാണെന്നും, അപകട സാധ്യതാ മേഖലകളിൽ നിർമാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം വേണമെന്നും ശില്പശാലയിൽ അഭിപ്രായം ഉയർന്നു.

✪✪✪

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അഭിപ്രായപ്പെട്ടു. പരാതി നൽകിയാൽ നിയമ നടപടി എടുക്കാമെന്ന് ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുണ്ട്. ഇക്കാര്യം കാത്തിരുന്ന് കാണുകയാണ് വേണ്ടത്. തിടുക്കപ്പെട്ട് ഒരു തീരുമാനത്തിലും

എത്തേണ്ട സാഹചര്യമില്ലെന്ന് അദ്ദേഹം  ആലപ്പുഴ ഹരിപ്പാട് പറഞ്ഞു. സംസ്ഥാനത്തെ ക്രമസമാധാനം  പാലിക്കപ്പെടുന്നുണ്ടോ എന്നതാണ് നോക്കേണ്ടതെന്നും ഗവർണർ അഭിപ്രായപ്പെട്ടു.

✪✪✪

സിനിമ കോൺക്ലേവ് എന്തു വില കൊടുത്തും തടയുമെന്ന്  പ്രതിപക്ഷ നേതാവ് V.D സതീശൻ പെരിന്തൽമണ്ണയിൽ പറഞ്ഞു. യഥാർഥ കുറ്റവാളികളെ ഗവൺമെന്റ് മറച്ചു വെയ്ക്കുന്നതുകൊണ്ട് ഇരകൾ അപമാനിക്കപ്പെടുകയാണെന്നും അദ്ദേഹം  കുറ്റപ്പെടുത്തി. കുറ്റകൃത്യം നടന്നു എന്ന് വ്യക്തമായിട്ടും  ഗവൺമെന്റ്  നിയമപരമായ നടപടി സ്വീകരിക്കുന്നില്ലെന്ന് ആരോപിച്ച സതീശൻ,  ഇടതു MLA യെ രക്ഷിക്കാൻ BJP കേന്ദ്രസഹമന്ത്രി ശ്രമിക്കുകയാണെന്നും പറഞ്ഞു.

✪✪✪

കാൻസർ മരുന്നുകൾ കമ്പനി വിലയ്ക്ക് ലഭ്യമാക്കുന്ന കാരുണ്യ സ്പർശം- സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ് പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് ഓൺലൈനായി ഉദ്ഘാടനം ചെയ്യും. കാൻസർ മരുന്നുകൾ ജനങ്ങൾക്ക് പരമാവധി വില കുറച്ച് ലഭ്യമാക്കുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും തെരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികളെ പദ്ധതിയിൽ 0ഉൾപ്പെടുത്തും. 247 ഇനം മരുന്നുകളാണ് ലാഭമില്ലാതെ പ്രത്യേക കൗണ്ടർ വഴി ലഭ്യമാക്കുന്നത്.

✪✪✪

KSEB പെൻഷനേഴ്സ് അസോസിയേഷൻ 68-ാമത് സംസ്ഥാന സമ്മേളനം ഇന്ന് ആലപ്പുഴയിൽ ആരംഭിക്കും. രണ്ടു ദിവസത്തെ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

തിരുവനന്തപുരം നഗരസഭാതല അദാലത്ത് രാവിലെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിക്കും.  തിരുവനന്തപുരം നഗരസഭയുമായി ബന്ധപ്പെട്ട വിവിധ അപേക്ഷകളിൽ തീർപ്പ് ഉണ്ടാകും. അദാലത്തിലേക്ക് അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് കൗണ്ടറിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാം.

✪✪✪

**നവോത്ഥാന നായകനായ അയ്യങ്കാളിയുടെ ചരിത്രം പുതുതലമുറയെ പരിചയപ്പെടുത്താൻ സർവകലാശാലാ തലത്തിൽ അയ്യങ്കാളി ചെയർ സ്ഥാപിക്കണമെന്ന് പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന സമ്മേളനം കണ്ണൂരിൽ ആവശ്യപ്പെട്ടു. മികച്ച പൊതു വിദ്യാലയത്തിന് ഗവൺമെന്റ് അയ്യങ്കാളി പുരസ്കാരം ഏർപ്പെടുത്തണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.**

**പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന പ്രസിഡന്റായി ഷാജി N കരുണിനെയും ജനറൽ സെക്രട്ടറിയായി ഡോ. K.P മോഹനനെയും തെരഞ്ഞെടുത്തു. M.K മനോഹരൻ സംഘടനാ സെക്രട്ടറിയും, T.R അജയൻ ട്രഷററുമാണ്. കണ്ണൂരിൽ സമാപിച്ച സംസ്ഥാന സമ്മേളനത്തിലാണ് പുതിയ ഭാരവാഹികളെ തിരെഞ്ഞെടുത്തത്.**

✪✪✪

**സംസ്ഥാനത്ത് ശക്തമായ മഴ സാഹചര്യം കണക്കിലെടുത്ത് ഇന്ന് 8 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർക്കോട് ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.**

**കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ മൂന്നു ദിവസം 55 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.**

✪✪✪

**പാരാലിമ്പിക് ഗെയിംസിന് പാരീസിൽ വർണ്ണാഭമായ തുടക്കം. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ ഗെയിംസ് ഉദ്ഘാടനം ചെയ്തു.**

**2020 ലെ ടോക്കിയോ പാരാലിമ്പിക്സിൽ സ്വർണ്ണം നേടിയ ജാവ്-ലിൻ ത്രോ താരം സുമിത് ആന്റിൽ, ലോക റെക്കോർഡ് ഉടമ ടേബിൾ ടെന്നീസ് താരം ഭാഗ്യശ്രീ ജാദവ് എന്നിവരാണ് ഇന്ത്യൻ സംഘത്തെ നയിച്ചത്. ഇന്ത്യയിൽ നിന്ന് 84 പാരാ അത്-ലറ്റുകളാണ് ഇത്തവണ പങ്കെടുക്കുന്നത്. 12 ഇനങ്ങളിൽ ഇന്ത്യ മത്സരിക്കും.**

✪✪✪

**ഇന്ന് ദേശീയ കായിക ദിനം. ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിന്റെ ജന്മദിനമാണ് ദേശീയ കായിക ദിനമായി ആചരിക്കുന്നത്. രാജ്യത്തെ കായിക പാരമ്പര്യം ആഘോഷിക്കാനും ഇന്ത്യൻ കായിക പ്രതിഭകളെ ആദരിക്കുന്നതിനും വിവിധ പരിപാടികൾ രാജ്യത്തുടനീളം**

സംഘടിപ്പിച്ചിട്ടുണ്ട്. 'മേജർ ധ്യാൻചന്ദിന്റെ കായികാഭ്യാസ ചൈതന്യവും, കായിക പൈതൃകവും' എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

KPCC യുടെ കായിക വിഭാഗമായ ദേശീയ കായിക വേദിയുടെ ഉമ്മൻചാണ്ടി പുരസ്കാരം ഹോക്കിതാരം ഒളിമ്പ്യൻ ശ്രീജേഷിന് സമ്മാനിക്കും. അടുത്ത മാസം കൊച്ചിയിൽ പുരസ്കാരം വിതരണം ചെയ്യുമെന്ന് സംഘാടകർ തിരുവനന്തപുരത്ത് അറിയിച്ചു. മികച്ച പരിശീലകൻ, കായികാധ്യാപിക, മാധ്യമ റിപ്പോർട്ട്, ഫോട്ടോ തുടങ്ങിയ വിഭാഗങ്ങളിലും പുരസ്കാരങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

അഞ്ചാമത് K കരുണാകരൻ സ്പോർട്സ് അവാർഡുകൾ പ്രഖ്യാപിച്ചു. യുവ പ്രതിഭാ പുരസ്കാരത്തിന് ഇന്ത്യൻ റഗ്ബി താരം ചക്കാലക്കൽ HSS സ്പോർട്സ് അക്കാദമിയിലെ NP. മുഹമ്മദ് ഹാദി അർഹനായി.

മികച്ച കായിക സംഘാടക പുരസ്കാരം, ബോൾ ബാഡ്മിന്റൺ, ജില്ലാ പ്രസിഡന്റ് സുബൈർ കൊളക്കാടനും മികച്ച പരിശീലക പുരസ്കാരം, ഫൂട്ട് വോളി ഇന്ത്യൻ കോച്ച് K. അമൽ സേതുമാധവനുമാണ്.

ഒക്ടോബർ രണ്ടിന് DCC ഓഫീസിൽ ഷാഫി പറമ്പിൽ M.P പുരസ്കാരങ്ങൾ സമ്മാനിക്കും.

✪✪✪

ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പ് ട്രോഫിക്കായി 18 അംഗ ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. വിരമിച്ച മലയാളി താരം P.R. ശ്രീജേഷിന്റെ പിൻഗാമിയായി കൃഷാൻ ബഹദൂർ പഥകിനെ തെരഞ്ഞെടുത്തതായി ഹോക്കി ഇന്ത്യ അറിയിച്ചു. ഒളിമ്പിക്സിൽ ഇന്ത്യയെ നയിച്ച ഹർമൻപ്രീത് സിങ് തന്നെയാണ് ക്യാപ്റ്റൻ. മിഡ്ഫീൽഡർ വിവേക് സാഗർ പ്രസാദാണ് വൈസ് ക്യാപ്റ്റൻ.

✪✪✪

സംസ്ഥാന യൂത്ത് ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ കോഴിക്കോട് ഗേൾസ് ചാമ്പ്യന്മാരായി. ഇടുക്കി വാഴക്കുളത്ത്, ആലപ്പുഴയെ തോൽപ്പിച്ചാണ് നിലവിൽ ചാമ്പ്യൻമാരായ കോഴിക്കോടിന്റെ ജയം.

✪✪✪

**കയർ കോർപ്പറേഷൻ ഉത്പന്നങ്ങൾ അമേരിക്കയുടെ വാൾ മാർട്ടിന് നൽകാൻ കരാറായി. ഒന്നരക്കോടി രൂപയുടെ ഉത്പന്നങ്ങളാണ് ആദ്യഘട്ടമായി വാൾമാർട്ട് ഓൺലൈൻ മാർക്കറ്റിലേക്ക് നൽകുന്നത്. കയർ ഉൽപ്പന്നങ്ങളുടെ ആദ്യ കണ്ടെയ്നർ മന്ത്രി P.രാജീവ് തിരുവനന്തപുരത്ത് ഫ്ളാഗ് ഓഫ് ചെയ്തു.**

**✪✪✪**

**പാലക്കാട്ട് വ്യവസായ ഇടനാഴി നിർമ്മിക്കാൻ 3,800 കോടി രൂപ അനുവദിച്ച കേന്ദ്ര നടപടിയെ BJP സംസ്ഥാന ജനറൽ സെക്രട്ടറി C കൃഷ്ണകുമാർ സ്വാഗതം ചെയ്തു. സംസ്ഥാനത്തിന്റെയും പ്രത്യേകിച്ച് പാലക്കാടിന്റെയും വ്യവസായ വികസനത്തിന് കുതിപ്പേകുന്ന നടപടി, തകർച്ച നേരിടുന്ന കഞ്ചിക്കോട് വ്യവസായ മേഖലയ്ക്ക് ഊർജ്ജം പകരാൻ സഹായിക്കുമെന്ന് അദ്ദേഹം വിലയിരുത്തി. വ്യവസായ ഇടനാഴിക്കാവശ്യമായ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാന ഗവൺമെന്റ് ഒരുക്കണമെന്ന് കൃഷ്ണകുമാർ ആവശ്യപ്പെട്ടു.**

**✪✪✪**

**രോഗികളുടെ എണ്ണത്തിനനുസരിച്ച് നഴ്സുമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണമെന്ന് കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ ആവശ്യപ്പെട്ടു. ഈ ആവശ്യമുന്നയിച്ച് ഇന്ന് ജില്ലാ കേന്ദ്രങ്ങളിൽ KGNA കൂട്ടധർണ സംഘടിപ്പിക്കും.**

**✪✪✪**

**യുനസ്കോ സാഹിത്യനഗര പദവി ലഭിച്ച കോഴിക്കോടിന് ആദരവ് നൽകാൻ സംഘടിപ്പിക്കുന്ന 'അക്ഷരാർപ്പണം' വൈകിട്ട് ജൂബിലി ഹാളിൽ നടത്തും. പ്രമുഖ എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും സാഹിത്യ നഗരിക്ക് അക്ഷരാർപ്പണം നടത്തും. ഇതുമായി ബന്ധപ്പെട്ട സമ്മേളനം എഴുത്തുകാരൻ N.S മാധവൻ ഉദ്ഘാടനം ചെയ്യും.**

**✪✪✪**

**കണ്ണൂർ പെരിങ്ങോം CRPF കേന്ദ്രത്തിലെ 157-ാമത് ബാച്ചിന്റെ പാസിങ് ഔട്ട് പരേഡിൽ CRPF അഡീഷണൽ ഡയറക്ടർ ജനറൽ വിതുൽ കുമാർ സല്യൂട്ട് സ്വീകരിച്ചു. 856 പുരുഷന്മാരും 507 വനിതകളുമുൾപ്പെടെ 1,363 പേരാണ് പരിശീലനം പൂർത്തിയാക്കിയത്.**

**✪✪✪**